ദേശാഭിമാനി

09 May 2024

# കോലാൻ മീനിന്റെ രണ്ട് പുതിയ ഇനങ്ങളെ കണ്ടെത്തി

സ്വന്തം ലേഖകൻ

**കൊച്ചി**



അബ്ലെന്നെസ് ജോസ്ബർക്മെൻസിസ്



അബ്ലെന്നെസ് ഗ്രേസാലി



ടോജി തോമസ്

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകസംഘം കോലാൻ ഇനത്തിൽപ്പെട്ട പുതിയ മീനുകളെ ഇന്ത്യൻ സമുദ്രതിരത്തുനിന്ന് കണ്ടെത്തി. നീഡിൽ ഫിഷ് എന്ന് പൊതുവിൽ വിളിപ്പേരുള്ള, നീണ്ട ചുണ്ടും ഉടലുമുള്ള കോലാൻ മീനുകളിലെ പുതിയ രണ്ട് ഇനങ്ങളെയാണ് തിരിച്ചറിഞ്ഞത്. തൂത്തുക്കുടി, മണ്ഡപം, ആൻഡമാൻ നിക്കോബാർ തീരങ്ങളിൽനിന്ന് കണ്ടെത്തിയ മീനുകൾക്ക് അബ്ലെന്നെസ് ജോസ്ബർക്മെൻസിസ്, അബ്ലെന്നെസ് ഗ്രേസാലി എന്നിങ്ങനെ ശാസ്ത്രീയനാമം നൽകി. ഈ ജനുസിൽ അബ്ലെന്നെസ് ഹയാൻസ് എന്ന ഒറ്റയിനംമാത്രമാണുള്ളതെന്നാണ് ഇതുവരെ കരുതിയിരുന്നത്.

സിഎംഎഫ്ആർഐയിലെ ഗവേഷക വിദ്യാർഥിയായ ടോജി തോമസ് ശേഖരിച്ച സാമ്പിളുകളിൽ നടത്തിയ പഠനമാണ് പുതിയ രണ്ടിനങ്ങളുടെ കണ്ടെത്തലിലേക്ക് നയിച്ചത്. സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ എം അബ്ദുൾ സമദ്, ഗവേഷകരായ ഡോ. ഷിജിൻ അമേരി, ബദറുൾ സിജാദ്, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് ഡോ. കെ കെ സജികുമാർ എന്നിവർ ഉൾപ്പെട്ട സംഘത്തിന്റെ വർഗീകരണ ജനിതക പഠനത്തിലാണ് ഈ കണ്ടെത്തൽ.

ഏറെ ആവശ്യക്കാരുള്ള, ഉയർന്ന വിപണിമൂല്യമുള്ള ഇനമാണ് നീഡിൽ ഫിഷുകൾ. കോലാൻ എന്ന കായൽമീൻ ഉൾപ്പെടെ നാലിനങ്ങളാണ് സുലഭമായിട്ടുള്ളത്. മറ്റു രാജ്യങ്ങളിൽ പത്തോളം ഇനങ്ങളുണ്ടെങ്കിലും എല്ലാത്തിനെയും അബ്ലെന്നെസ് ഹയാൻസ് എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോട്ടീൻ ധാരാളമുള്ള മീനുകളാണ് ഇത്.

ചങ്ങനാശേരി സ്വദേശി ടോജി തോമസ് പഠിച്ച സെന്റ് ബെർക്മാൻസ് കോളേജിന്റെയും അവിടെനിന്ന് സുവോളജി വിഭാഗം മേധാവിയായി വിരമിച്ച ഡോ. ജോസ് പി ജേക്കബ്ബിന്റെയും പേരുകൾ ചേർത്താണ് പുതിയ മത്സ്യ ഇനങ്ങളിൽ ഒന്നിന് അബ്ലെന്നെസ് ജോസ്ബർക്മെൻസിസ് എന്ന പേര് നൽകിയത്. ടോജിയുടെ അമ്മ ഗ്രേസിയുടെയും അലീന എന്ന സുഹൃത്തിന്റെയും പേരുചേർത്താണ് രണ്ടാമത്തെ ഇനത്തിന് അബ്ലെന്നെസ് ഗ്രേസാലി എന്ന് പേര് നൽകിയത്.